ണ്ടിനെപ്പറ്റി മന്ത്രണ്ട് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിയുവാൻ ഇടയായിട്ടുണ്ട്.

(ബി) നമ്മുടെ ഗവൺമെണ്ടിനെപ്പറ്റിയും മറ്റും ശരിയായ റിപ്പോർട്ടുകൾ വെളിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനു നടപടി എടുത്തുവരുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ഉണ്ണിത്താൻ എന്തു് രാജ്യക്കാരനാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ളയാളാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ഉണ്ണിത്താൻ എഴുതിയ ലേഖനങ്ങൾക്കു പകരം ഒരു മിസ്റ്റർ ജെക്കണ്ണിനെക്കൊണ്ടു് ഒരു മറുലേഖനം ഗവൺമെണ്ടു് എഴുതിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടു് എഴുതിച്ചിട്ടില്ല.

ക്ഷേത്രപ്രവേശനം

*ഇ ഐ. (ഫ്രൻ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നല്കുമോ.—

ഗൗഡസാരസ്വതരുടെ ക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കളേയും പ്രവേശിപ്പിക്കുന്നതിനെ നിയന്ത്രിക്കണമെന്നു കാണിച്ചു് വല്ല നിവേദനവും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): അങ്ങിനെ നിവേദനം കിട്ടിയിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ; ഗൗഡസാരസ്വത ക്ഷേത്രങ്ങളിൽ പ്രത്യേകസമയത്തു മാത്രമെ മറ്റു ഹിന്ദുക്കൾക്കു പ്രവേശനം അനുവദിക്കുകയുള്ളു എന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

SECOND CLASS MAGISTRATE'S COURT, AMBALAPUZHA

*573. [20] **Sri. Eapen Arakkal**: Will the Hon'ble the Chief Minister be pleased to state.—

(*a*) whether any representation has been received by the Government for shifting the second class Magistrate's Court from Ambalapuzha to Alleppey ; and

(*b*) will the Government be pleased to consider this question in view of the fact that such a shift would be desirable and convenient to the public ?

Chief Minister (**Sri. T. K. Narayana Pillai**):

(*a*) No.

(*b*) If the matter is represented to Government, Government will certainly consider it.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ രണ്ടാംക്ലാസ്സു മജിസ്ട്രേട്ട കോടതി അമ്പലപ്പുഴയിലായതുകൊണ്ടു് ആലപ്പുഴയിലുള്ളവർക്കു വളരെ അസൗകര്യം നേരിടുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അമ്പലപ്പുഴനിന്നും ആലപ്പുഴയ്ക്കു മാറ്റിയാൽ അമ്പലപ്പുഴയിലുള്ളവർക്കും അസൗകര്യം നേരിടുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതുകൊണ്ടു് അമ്പലപ്പുഴയ്ക്കു കിഴക്കും തെക്കും ഉള്ളവർക്കും വളരെ അസൗകര്യം ഉണ്ടാകുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടാവും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: വക്കിലന്മാർ കൂടുതലുള്ളതു് ആലപ്പുഴയല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അവക്കു് പെട്ടെന്നു അമ്പലപ്പുഴയിൽ വരുവാൻ വേണ്ടത്ര ബസ്സു സൗകര്യങ്ങളുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആലപ്പുഴയ്ക്കു മാറ്റമുണ്ടായാൽ കക്ഷികൾക്കു കൂടുതൽ അസൗകര്യം വരികയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും അഭിപ്രായമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഒരു കോടതി സ്ഥാപിക്കുന്ന കാര്യത്തിൽ വക്കീലന്മാരുടെ സൗകര്യമാണോ, കക്ഷികളുടെ സൗകര്യമാണോ കൂടുതൽ പരിഗണിക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കക്ഷികളുടെ സൗകര്യമാണു്.

മദ്യനിരോധനം മൂലമുള്ള നഷ്ടം

*൫൬൪. (൨൯) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.

(എ) ഇക്കൊല്ലം പുതുതായി രണ്ടു് താലൂക്കുകളിൽ മദ്യനിരോധന നടപ്പിൽ വരുത്തുന്നതു് സംബന്ധിച്ചു് ഗവൺമെണ്ടിനു എന്തു നഷ്ടം വരുമെന്നു് പറയാമോ;

(ബി) ഇക്കൊല്ലത്തെ അബ്കാരി ലേലത്തിൽ കഴിഞ്ഞ കൊല്ലത്തേക്കാൾ എത്ര രൂപാ കൂടുതൽ കിട്ടിയിട്ടുണ്ടെന്നു പറയുവാൻ മടിയുണ്ടാകുമോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഏകദേശം ൪ ലക്ഷം രൂപയുടെ നഷ്ടം ഉണ്ടു്.

(ബി) ൧൯൫൯-ൽ ൨൫൯-ൽ രൂപ കൂടുതൽ കിട്ടിയിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ്: മദ്യനിരോധനം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന താലൂക്കുകളിലെ ജനസംഖ്യയും വിസ്തീർണ്ണവും വളരെ കുറവാണെന്നു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ജനസംഖ്യ വളരെ കുറവാണെന്നു തോന്നുന്നില്ല. ഏകദേശം ൨ ലക്ഷത്തിൽ ചിലപ്പോൾ ഉണ്ടു്.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ നഷ്ടം പരിഹരിക്കുന്നതിനു കെ. പി. സി. സി. പ്രസിഡണ്ടു് വല്ല നിർദ്ദേശങ്ങളും തന്നിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പലരും പല നിർദ്ദേശങ്ങളും തന്നിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻ: മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുള്ള താലൂക്കുകളിൽ എവിടെയെങ്കിലും നിന്നു് ഇതു് പിൻവലിക്കണമെന്നു കാണിച്ചു വല്ല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: നിവേദനങ്ങളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. വി ഗംഗാധരൻ: മദ്യനിരോധനം പിൻവലിക്കണമെന്നു് ഗവൺമെണ്ടിനു് വല്ല ആലോചനയുമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതുവരെ യാതൊരു ആലോചനയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly